ജോയിന്റ് ആർ. ടി. ഓഫീസുകൾ

263 (T 4052) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോയിന്റ് ആർ.ടി ഓഫീസുകൾ സ്ഥാപിക്കുമെന്ന 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) തിരൂരങ്ങാടിയിൽ പ്രസ്തുത ഓഫീസ് ഈ വർഷം തന്നെ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ, തിരൂരങ്ങാടി ഉൾപ്പെടെ അഞ്ച് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

പാറശ്ശാല ആർ. ടി. ഒ. ചെക്ക്പോസ്റ്റിലെ ജീവനക്കാർക്കെതിരെയുള്ള പരാതി

264 (4053) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശാല ആർ.ടി.ഒ ചെക്ക്പോസ്റ്റിലെ ജീവനക്കാർക്കെതിരെ ലഭ്യമായ പരാതികളുടെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതികൾ പരിശോധിച്ച് അതിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പാറശ്ശാല ചെക്ക് പോസ്റ്റിലെ ഉദ്യോഗസ്ഥർക്കെതിരെ അഴിമതി ആരോപിച്ചുകൊണ്ട് 15.01.2008-ലെ പരാതിയിന്മേൽ തിരുവനന്തപുരം ആർ. ടി. ഒ യോട് അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ലഭ്യമാക്കുന്നതാണ്.

ആറ്റിങ്ങൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് മാമത്തേയ്ക്ക് മാറ്റി പ്രവർത്തിക്കുന്നതിന് നടപടി

265 (4054) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് മാമത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ വേണ്ടി ആറ്റിങ്ങൽ ആർ.ടി.ഒ.യെ ചുമതലപ്പെടുത്തിയ ശേഷം എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആറ്റിങ്ങൽ ആർ. ടി. ഒ. യുടെ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബസ് സ്റ്റാന്റ് മാറ്റി സ്ഥാപിക്കാൻ സത്വരമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ബസ് സ്റ്റാന്റ് മാമത്തേയ്ക്ക് മാറ്റണമെന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ അപേക്ഷ വിശദമായ അന്വേഷണ റിപ്പോർട്ട് സഹിതം ആർ. ടി. എ. യോഗത്തിൽ (24.06.2010-ൽ നടന്നത്) തീരുമാനത്തിനായി സമർപ്പിക്കുകയുണ്ടായി. എന്നാൽ നാളിതുവരെയായി തീരുമാനം എടുത്തിട്ടില്ല.

(ബി) നിർദ്ദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു കേസ് ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ (ഒ. എസ്. നം. 314/06) ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ കോടതിയുടെ അന്തിമ വിധി വന്നിട്ടില്ല.

(സി) ആർ. ടി. എ. ബോർഡിന്റെ തീരുമാനം വരുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക

266 (4055) ശ്രീ. പി. സി. ജോർജ്ജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന് കീഴിൽ ആകെ എത്ര ബോട്ടുകൾ ഉണ്ട് ; ഇതിൽ തടി ബോട്ടുകൾ എത്ര ;

(ബി) സർവ്വീസ് യോഗ്യമായ എത്ര തടി ബോട്ടുകൾ ഉണ്ട് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തടി ബോട്ടുകൾ റിപ്പയർ ചെയ്ത് സർവ്വീസ് യോഗ്യമാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പഴയ തടി ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ബോട്ടുകൾ വാങ്ങുന്നതിനുമായി ചെലവഴിച്ച തുക എത്ര വീതമാണ് ; വ്യക്തമാക്കുമോ ;

(ഇ) നിലവിൽ വകുപ്പിന്റെ കീഴിൽ തടി ഇതര ബോട്ടുകൾ എത്രയെണ്ണം വീതമുണ്ട് ;

(എഫ്) ദേശീയ ജലപാത പ്രയോജനപ്പെടുത്തി, വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക നിലയിൽ പുതിയ ബോട്ടുകൾ സർവ്വീസുകൾ ആരംഭിക്കുവാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly